ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഉന്നത വിദ്യാസരംഗത്ത് രാജ്യത്തെ പെൺകുട്ടികൾ കരുത്തുതെളിയിക്കുന്ന കാലമാണിതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു.

President Draupadi Murmu says this is the time for the country's girls to prove their strength in higher education.

2. 2047 ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കുന്നതിൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് പ്രധാന പങ്ക് വഹിക്കുന്നതായി ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ.

Vice President C.P. Radhakrishnan says Sree Chitra Thirunal Institute of Medical Sciences is playing a key role in making India a developed country by 2047.

3. രാജ്യത്ത് രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന് തുടക്കമായി. കേരളത്തിൽ വീടുകളിൽ നേരിട്ടെത്തിയുള്ള എന്യൂമറേഷൻ ഫോം വിതരണം ആരംഭിച്ചു.

Election Commission launched second phase of Special Intensive Revision of electoral rolls . Distribution of enumeration forms has started in Kerala.

4. ഫിഷറീസ് മേഖലയുടെ വികസന ത്തിൽ കേരളം വലിയ മുന്നേറ്റം നടത്തിയതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

Union Minister of State George Kurien says Kerala has made great strides in the development of the fisheries sector.

5. ഐക്യരാഷ്ട്രസഭയുടെ യുവ സാമൂഹിക പ്രവർത്തകരുടെ ഉച്ചകോടിയിൽ പുരസ്കാരം നേടി ഇന്ത്യയിൽ നിന്നുള്ള ദേവ് കരൺ.

Dev Karan from India wins award at the United Nations Young Social Activist Summit.

6. വൈദഗ്ധ്യമുള്ള 30,000 ഇന്ത്യൻ പ്രൊഫഷണലുകൾക്ക് എല്ലാവർഷവും തൊഴിൽ നൽകാൻ സന്നദ്ധത പ്രകടിപ്പിച്ച് റൊമാനിയ.

Romania ready to employ 30,000 skilled Indian professionals every year.

&&&&&&&&&&&&&&&&&

**HEADLINE-1**

**PRESIDENT- INTRO**

*ഉന്നത വിദ്യാസരംഗത്ത് രാജ്യത്തെ പെൺകുട്ടികൾ കരുത്തുതെളിയിക്കുന്ന കാലത്തിലൂടെയാണ് നാം കടന്ന് പോകുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. നൈനിറ്റാളിലെ കുമവോൺ സർവകലാശാലയുടെ 20-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി.*

***(VOICE BYTE - PRESIDENT)***

*നൈനിറ്റാളിലെ നീം കരോലി ബാബയുടെ ആശ്രമമായ കൈഞ്ചി ധാമും രാഷ്ട്രപതി ഇന്ന് സന്ദർശിക്കും. സുരക്ഷാ കാരണങ്ങളാൽ ജില്ലയെ 'ഡ്രോൺ നിരോധിത മേഖല' യായി പ്രഖ്യാപിച്ചിട്ടുണ്ട്. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ഈ മാസം രണ്ടിനാണ് ഉത്തരാഖണ്ഡിൽ എത്തിയത്.*

&&&&&&&&&&&&&&&&&&

## HEADLINE-2

### *VICE PRESIDENT*

*2047 ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കുന്നതിൽ ശ്രീ ചിത്ര പോലെയുള്ള സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിക്കുന്നതായി ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ. മെഡിക്കൽ വിപണിയിൽ ശ്രീ ചിത്രയിലെ നൂതന കണ്ടെത്തലുകൾക്കുള്ള സ്വീകാര്യത സ്ഥാപനത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നു. രാജ്യത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും പ്രചോദനമാണ് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയന്സസ് എന്നും ഉപരാഷ്ട്രപതി പറഞ്ഞു. തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു ഉപരാഷ്ട്രപതി . (**VOICE VP**)*

*ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, മന്ത്രി കെ എൻ ബാലഗോപാൽ എന്നിവരും ചടങ്ങിൽ പങ്കെടുക്കുത്തു. ശ്രീചിത്ര ഇൻസ്റ്റിട്യൂട്ട് വികസിപ്പിച്ച സാങ്കേതിക വിദ്യകളുടെയും, മെഡിക്കൽ രംഗത്തെ ഗവേഷണ പുരോഗതികളുടെയും പ്രദർശനം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് തലസ്ഥാന നഗരിയിൽ ഇന്ന് വൈകുന്നേരം 5.30 വരെ നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി ഇന്നലെയാണ് ഉപരാഷ്ട്രപതി തിരുവനന്തപുരത്ത് എത്തിയത്.*

&&&&&&&&&&&&&&&&&&

## HEADLINE-3

### EC–SIR

രാജ്യത്ത് രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം ആരംഭിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. കേരളമുൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളുമാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. കേരളത്തിന് പുറമേ ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷദ്വീപ്, പുതുച്ചേരി, ഛത്തീസ്ഗഢ്, ഗോവ, ഗുജറാത്ത്, മധ്യപ്രദേശ്,

രാജസ്ഥാൻ, തമിഴ്നാട്, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നിവ പുതിയ ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**SIR**

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട് BLO മാർ വീടുകളിൽ നേരിട്ടെത്തി എന്യൂമറേഷൻ ഫോം വിതരണം ചെയ്തു തുടങ്ങി. അടുത്ത മാസം 4 ന് മുൻപ് പൂരിപ്പിച്ച ഫോമുകൾ തിരികെ നൽകണം. ഡിസംബർ 9 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. കരട് പട്ടിക സംബന്ധിച്ച പരാതികൾ 2026 ജനുവരി 8 ന് മുൻപ് സമർപ്പിക്കണം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&

**HEADLINE-5**

**U.N – INDIA – DEV KARAN**

ഐക്യരാഷ്ട്രസഭയിൽ നടക്കുന്ന യുവ സാമൂഹികപ്രവർത്തകരുടെ ഉച്ചകോടിയിൽ ഇന്ത്യയിൽ നിന്നുള്ള ദേവ് കരൺ ഇടം നേടി. സാങ്കേതികവിദ്യ ഉപയോഗിച്ച് ക്രിയാത്മകമായ മാറ്റങ്ങൾ വരുത്തുന്നതിൽ മികവ് പുലർത്തിയ അഞ്ച് യുവ പ്രതിനിധികളെയാണ് യംഗ് ആക്ടിവിസ്റ്റ്സ് സമ്മിറ്റിൽ ആദരിക്കുന്നത് .ജല-സംരക്ഷണവും സാമൂഹിക ഇടപെടലും എന്ന വിഷയത്തിലാണ് ദേവ് കരൺ പുരസ്കാരം നേടിയത് . ഈ മാസം 20-ന് നടക്കുന്ന ഉച്ചകോടിയിൽ പുരസ്കാരം സമ്മാനിക്കും

&&&&&&&&&&&&&&&&&&

**BIHAR CAMPAIGNING**

ബിഹാറിൽ ഒന്നാം ഘട്ട നിയമസഭ തെരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കളുൾപ്പടെ പ്രടചാരണ രംഗത്ത് സജീവമാണ്. സംസ്ഥാനത്തെ 121 മണ്ഡലങ്ങളിൽ, മറ്റന്നാളാണ് ഒന്നാംഘട്ട വോട്ടെടുപ്പ്. രണ്ടാംഘട്ട വോട്ടെടുപ്പ് ഈ മാസം 11 നും, വോട്ടെണ്ണൽ 14 നും നടക്കും.

&&&&&&&&&&&&&&&&&&

## PM-MERA BOOTH SABSE MAZBOOT

മേരാ ബൂത്ത് സബ്സെ മസ്ബൂത്ത് പരിപാടിയുടെ ഭാഗമായി, ബിജെപി മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ബിഹാറിലെ സ്ത്രീകളുമായി സംവദിക്കും. ബിജെപി-എൻഡിഎ സഖ്യത്തിന്റെ വിജയം ഉറപ്പാക്കാൻ സ്ത്രീ വോട്ടർമാർ വലിയ സംഭാവന നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## MANDAVIYA - DOHA SUMMIT

ദോഹയിൽ ഇന്നാരംഭിക്കുന്ന രണ്ടാമത് ലോക സാമൂഹിക വികസന ഉച്ചകോടിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ പങ്കെടുക്കും . 3 ദിവസത്തെ സമ്മേളനത്തിൽ സാമൂഹിക നീതിക്കായുള്ള ആഗോള സഖ്യത്തെക്കുറിച്ചുള്ള മന്ത്രിതല സംഭാഷണത്തിൽ അദ്ദേഹം പങ്കെടുക്കും. ഇന്ത്യയുടെ സമഗ്രവും തുല്യവുമായ വളർച്ച എന്ന കാഴ്ചപ്പാട് ശ്രീ മാണ്ഡവ്യ അവതരിപ്പിക്കും. വിവിധ രാജ്യങ്ങളിലെ പ്രതിനിധികളുമായും മുതിർന്ന യു.എൻ ഉദ്യോഗസ്ഥരുമായും കേന്ദ്രമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും.

&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

ബ്രേക്ക്

&&&&&&&&&&&&&&&&&&

## VOTERS LIST

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിനായുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ ഇന്നും നാളെയും അവസരം ലഭിക്കും. കഴിഞ്ഞ മാസം 25 ന്

പ്രസിദ്ധീകരിച്ച അന്തിമവോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവർക്കാണ് പട്ടികയിൽ പേര് ചേർക്കുന്നതിനാണ് അവസരം.

&&&&&&&&&&&&&&&&&&

**HEADLINE-4**

**MINISTER GEORGE KURIEN**

ഫിഷറീസ് മേഖല വികസനത്തിൽ കേരളം വലിയ മുന്നേറ്റം നടത്തിയതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. കോഴിക്കോട് കോർപ്പറേഷൻ ന്യൂ സെൻട്രൽ മാർക്കറ്റിൻ്റെ ശിലാസ്ഥാപനം ഓൺലൈനായി നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ഹാർബറുകളുടേയും ഫിഷ് ലാൻ്റിംഗ് സെൻ്ററുകളുടേയും മാർക്കറ്റുകളുടേയും വികസനത്തിൽ കേരളം മുന്നിലെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**HEADLINE-6**

**ROMANIA – INDIAN PROFESSIONALS**

വൈദഗ്ധ്യമുള്ള 30,000 ഇന്ത്യൻ പ്രൊഫഷണലുകൾക്ക് എല്ലാ വർഷവും തൊഴിൽ നൽകാൻ സന്നദ്ധത പ്രകടിപ്പിച്ച് റൊമാനിയ. കേന്ദ്ര സഹമന്ത്രി ജിതിൻ പ്രസാദയും റൊമാനിയൻ മന്ത്രി പെട്രെ-ഫ്ലോറിൻ മനോളും തമ്മിൽ ബുക്കാറസ്റ്റിൽ നടന്ന കൂടിക്കാഴ്ചയിലാണ് ഇന്ത്യൻ പ്രൊഫഷണലുകളെ നിയമിക്കാൻ റൊമാനിയ താൽപര്യം പ്രകടിപ്പിച്ചത്. ഉന്നത വിദ്യാഭ്യാസം, ഗവേഷണം, സാംസ്കാരിക വിനിമയം തുടങ്ങി വിവിധ മേഖലകളിൽ മെച്ചപ്പെട്ട സഹകരണത്തിലൂടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും യോഗത്തിൽ തീരുമാനമായി.

&&&&&&&&&&&&&&&&&&

**ISRAEL FM**

ഇസ്രായേൽ വിദേശകാര്യ മന്ത്രി ഗിഡിയോൺ സർ വിദേശകാര്യ മന്ത്രി എസ്.ജയ്ശങ്കറുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. ഇന്ത്യയും ഇസ്രായേലും തന്ത്രപരമായ പങ്കാളിത്തം പങ്കിടുന്നുണ്ടെന്നും ഇരു

രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി രാഷ്ട്രീയ ബന്ധം ഊഷ്മളമാണെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## FERTILIZER

2025 ലെ ഖാരിഫ് സീസണിൽ രാജ്യത്തുടനീളം യൂറിയ ഉൾപ്പെടെയുള്ള വളങ്ങളുടെ മതിയായ ലഭ്യത ഉറപ്പാക്കിയതായി രാസവള വകുപ്പ്. സമയബന്ധിതമായ ആസൂത്രണത്തിലൂടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും, കർഷകർക്ക് ആവശ്യമായ അളവിൽ വളം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കിയതായും വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## INDIAN HOCKEY-CENTENARY

ഇന്ത്യൻ ഹോക്കിയുടെ ശതാബ്ദി ആഘോഷങ്ങൾക്ക് ഈ മാസം 7 ന് ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ തുടക്കമാകും. SAI യുമായി സഹകരിചാണ് പരിപാടി. ഒളിമ്പ്യൻമാരായ സഫർ ഇഖ്ബാൽ, ജഗ്ബീർ സിംഗ്, ദിലീപ് ടിർക്കി, ലോകകപ്പ് ജേതാവ് അശോക് കുമാർ എന്നിവരുടെ സാന്നിധ്യത്തിലാണ് കേന്ദ്രകായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ആഘോഷങ്ങളുടെ ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്. 1925 നവംബർ 7 ന് ഇന്ത്യൻ ഹോക്കി ഫെഡറേഷൻ സ്ഥാപിതമായതിന്റെ സ്മരണാർത്ഥം കൂടിയാണ് ഈ ചടങ്ങ്. രാജ്യവ്യാപകമായി 500 ജില്ലകളിൽ 1000-ലധികം ഹോക്കി മത്സരങ്ങൾ ഒരേസമയം നടക്കും.

&&&&&&&&&&&&&&&&&&

## FOOTBALL - IWL

ഇന്ത്യൻ വനിതാ ലീഗ് ഫുഡ്ബോൾ മത്സരങ്ങൾ രണ്ട് ഘട്ടങ്ങളിലായി നടത്തുമെന്ന് അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ അറിയിച്ചു . ആദ്യ ഘട്ടം 2025 ഡിസംബർ 20 മുതൽ 2026 ജനുവരി 6 വരെയും , രണ്ടാം ഘട്ടം 2026 ഏപ്രിൽ 20 ന് ആരംഭിച്ച് മെയ് 10 ന് അവസാനിക്കുന്ന തരത്തിലുമാണ് ക്രമീകരിച്ചിരിക്കുക.

&&&&&&&&&&&&&&&&&&

**BCCI – 51 CRORE PRIZE**

ഐ.സി.സി വനിതാ ക്രിക്കറ്റ് ലോകകപ്പ് നേടിയ ഇന്ത്യൻ ടീമിനും, സപ്പോർട്ട് സ്റ്റാഫിനും, സെലക്ഷൻ കമ്മിറ്റിക്കും 51 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ച് ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ്. രാജ്യത്തുടനീളമുള്ള ദശലക്ഷക്കണക്കിന് ആരാധകരുടെ അഭിലാഷങ്ങൾ നിറവേറ്റിക്കൊണ്ട് ഇന്ത്യൻ ടീം അസാധാരണമായ പ്രകടനം കാഴ്ചവച്ചതായി ബി.സി.സി.ഐ പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&